പഠനകേന്ദ്രങ്ങളിലൂടെ പ്രവാസി മലയാളി കുട്ടികൾക്ക് മലയാളം മിഷന്റെ കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും മൂല്യനിർണ്ണയം നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

(സി & ഡി) പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഠന കേന്ദ്രങ്ങൾക്ക് സഹായങ്ങൾ നൽകുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുവാൻ മലയാളം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കലാകാര പെൻഷൻ

66 (2699) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്കാണ് കാലകാര പെൻഷൻ നൽകിയത് ; ഇതിനായി നീക്കിവച്ച തുക എത്രയെന്നും എത്ര രൂപ വീതമാണ് നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും ഏതൊക്കെ കലാരംഗങ്ങളിലുള്ള വരെയാണ് പെൻഷന് പരിഗണിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) നാടൻ കലാകാരന്മാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഏത് വിഭാഗക്കാർക്കാണ് ; ഈയിനത്തിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 1460 കലാകാരന്മാർക്കാണ് കലാകാര പെൻഷൻ നൽകി വരുന്നത്. 2015 ജൂൺ മാസം വരെയുള്ള കണക്കനുസരിച്ച് മൊത്തത്തിൽ 2643 കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും 2606 പേർക്ക് മാത്രമേ പെൻഷൻ നൽകി വരുന്നുള്ളൂ. രേഖകൾ സമർപ്പിക്കാത്ത 37 പേരുടെ പെൻഷൻ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. കലാകാര പെൻഷനുവേണ്ടി നീക്കിവച്ച തുക

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു :

സാമ്പത്തിക വർഷം	നീക്കി വച്ച തുക
2011-12	1,82,16,000
2012-13	1,82,16,000
2013-14	2,11,40,000
2014-15	2,40,20,000
2015-16	2,66,85,000

ഇതിൽ 2013 മാർച്ച് മാസംവരെ 550 രൂപ വീതവും 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ 650 രൂപ വീതവും ഏപ്രിൽ 2014 മുതൽ 750 രൂപ വീതവുമാണ് കലാകാര പെൻഷൻ നൽകിവരുന്നത്.

(ബി) 8-11-1999-ലെ സ.ഉ. (എംഎസ്.) നമ്പർ 49/99/സിഎഡി ഉത്തരവ് പ്രകാരമാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കലാരംഗങ്ങളിൽ ഉള്ളവർക്കും പെൻഷൻ അനുവദിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 15,000 രൂപ വീതം 5 നാടൻ കലാകാരൻമാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിൽ തിരുവാതിരക്കളി, മാപ്പിള കലകൾ, നാഗക്കളം, പുള്ളുവൻപാട്ട്, മാരിത്തെയ്യം, ചിമ്മാനക്കളി, പൂരക്കളി, മറത്തുകളി എന്നീ വിഭാഗത്തിൽപ്പെട്ട കലാകാരൻമാർ ഉൾപ്പെടുന്നു. ഇതിനായി 75,000 രൂപ ചെലവാക്കിയിട്ടുണ്ട്.

കരുമാടി ബുദ്ധപ്രതിമ സംരക്ഷിക്കാൻ നടപടി

67 (2700) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ കരുമാടി ബുദ്ധപ്രതിമ സ്ഥിതിചെയ്യുന്ന പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly